LIBRARY ARCHIVES Kerala Legislative Assembly

കെ. എസ്. ആർ: ടി. സി. കൊറിയർ സർവ്വീസ്

295 (3807) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ.തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. കൊറിയർ സർവ്വീസ് ആരംഭിച്ചത് വിജയകരമായി പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കൊറിയർ സർവ്വീസ് എല്ലാ ഡിപ്പോയിൽനിന്നും നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സ്വകാര്യ പങ്കാളിത്തത്തോടെ ഹോം ഡെലിവറി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

വിവിധ ബസ് സ്റ്റേഷനുകളിൽ 23-10-2015 മുതൽ കൊറിയർ/പാഴ്സൽ സർവ്വീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിൽനിന്നും പ്രതിമാസം 2,00,000 രൂപ വരുമാനം ലഭിച്ചുവരുന്നു. കൊറിയർ സർവ്വീസിന്റെ പ്രവർത്തനം ലാഭം പങ്കുവയ്ക്കൽ വ്യവസ്ഥയിലായതിനാൽ താഴെ പറയും പ്രകാരം വരുമാനവിഹിതവും പ്രതീക്ഷിക്കുന്നു.

വരുമാനം 25,00,000 രൂപ വരെ 22%

50,00,000 രൂപ വരെ 27%

75,00,000 രൂപ വരെ 32%

1,00,00,000 രൂപ വരെ 35%

1,00,00,000 രൂപയ്ക്ക് മേൽ 40%

(ബി) ഉണ്ട്.

(സി) ടാക്കോൺ എന്ന കമ്പനിയുമായാണ് കരാർ ഒപ്പ് വച്ചിട്ടുള്ളത്. പ്രസ്തുത കമ്പനി ഹോം ഡെലിവറി അടക്കം സംവിധാനങ്ങൾ ഭാവിയിൽ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.